# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : travancoredevaswom2011@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

**ROC No. 13476/12/Est-I** 23/08/2014

## സർക്കുലർ

വിഷയം :- സാമ്പത്തിക ക്രക്കേട് കാട്ടുന്ന സബ്ഗ്രൂപ്പ് ആഫീസർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരെ ക്ഷേത്ര ഭരണത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്ന സംഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- (1) DBAR No 1 of 2003 ൽ ബഹു: ഹൈക്കോടതി 12-8-2010 ൽ പുറപ്പെടുവിച്ച ഉത്തരവ്.
(2) 27-9-2012 ലെ ROC 87/12/Est-1 നമ്പർ ബോർഡ് ഉത്തരവ്.
(3) ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 12-5-2014 ലെ FAO. No. 149/14/IAD നമ്പർ റിപ്പോർട്ട്.
(4) ദേവസ്വം കമ്മീഷണറുടെ 24-6-2014 ലെ ROC 7712/14/Est നമ്പർ സർക്കുലർ.

പലദേവസ്വങ്ങളിലും സബ്ഗ്രൂപ്പ് ആഫീസർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാർ മന:പൂർവ്വം റിക്കാർഡുകളിൽ കൃത്രിമം കാട്ടിയും അല്ലാതെയും പണാപഹരണം നടത്തി വരുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ പണാപഹരണം നടത്തുന്നവരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കപ്പെടാറുണ്ടെങ്കിലും, തുടർന്നുള്ള സേവന കാലത്ത് അവർ ഇതേ തസ്തികകളിൽ വീണ്ടും നിയമിക്കപ്പെടുന്നതായി കണ്ടുവരുന്നു. ആയത് അഭികാമ്യമല്ലാത്ത ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതിനും, പണാപഹരണ പ്രവണത വർദ്ധിപ്പിക്കുന്നതിനും ഇടയാകുന്നുണ്ട്.

ദേവസ്വം ബോർഡ് വക മുതൽ അപഹരിയ്ക്കുന്നത് ഗുരുതരമായ ക്രമക്കേടും സ്വഭാവദൂഷ്യവും മാത്രമല്ല ഒരു ക്രിമിനൽ കുറ്റം കൂടിയാണ്. പണാപഹരണം/സാമ്പത്തിക ക്രമക്കേട് കാണിക്കുന്ന സബ്ഗ്രൂപ്പ് ആഫീസർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരെ അവരുടെ തുടർന്നുള്ള സേവനകാലത്ത് യാതൊരു കാരണവശാലും സബ്ഗ്രൂപ്പ് ആഫീസർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായി നിയമിയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

SK21814